ഔട്ട് പേഷ്യന്റ് ചികിത്സയും (Referal Service) രോഗപ്രതിരോധ പ്രവർത്തനങ്ങളും ദേശീയ/സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളുമാണ് പ്രധാനമായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നത്. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ്സിൽ ഉൾപ്പെടുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട നടപടികളും ബോധവൽക്കരണ പരിപാടികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറും ജില്ലാ മെഡിക്കൽ ഓഫീസറുമാണ് സ്വീകരിക്കുന്നത്. പ്രതിമാസ റിപ്പോർട്ടുകൾ വഴിയും, അവലോകനയോഗങ്ങൾ വഴിയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ജില്ലാതലത്തിൽനിന്ന് സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ചും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ജൂനിയർ കൺസൾട്ടന്റുമാരുടെ പ്രൊമോഷൻ

58(747) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനറൽ ആശുപത്രികളിലെ സ്പെഷ്യാലിറ്റി കേഡറുകളിലേക്ക് ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോയെന്ന് വിശദമാക്കുമോ?

ഉത്തരം

ജനറൽ ആശുപത്രികളിൽ ജനറൽ മെഡിസിൻ തസ്തികയിലൊഴികെ ബാക്കി എല്ലാ സ്പെഷ്യാലിറ്റി തസ്തികകളിലും ജൂനിയർ കൺസൾട്ടന്റുമാരായി പി.ജി. ബിരുദമുള്ള അസിസ്റ്റന്റ് സർജന്മാർക്ക് കേഡർ മാറ്റംവഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ജനറൽ മെഡിസിൻ സ്പെഷ്യാലിറ്റിയിൽ ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ഹൃദയാഘാതം തടയുന്നതിനായി ബോധവൽക്കരണം

59 (748) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയചികിത്സാ രംഗത്ത് കേരളം ലോക നിലവാരത്തിലേക്ക് ഉയരുമ്പോഴും രോഗപ്രതിരോധത്തിൽ പിന്നോട്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹൃദയാഘാതത്തിന്റെ തോതും അതുമൂലം മരിക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്നത് തടയുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സർക്കാർ സ്വകാര്യ മേഖലയിലുള്ള ഹൃദ്രോഗ ചികിത്സ ലോക നിലവാരത്തിലേക്ക് ഉയർന്നുവെങ്കിലും ഹൃദ്രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹൃദയാഘാതത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നത് വിവിധതരം കാരണങ്ങളാണ്. കൊഴുപ്പേറിയ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, പ്രമേഹം, രക്താദിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ, പാരമ്പര്യം തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ഹൃദ്രോഗവും ഹൃദയാഘാതവും സംഭവിക്കുന്നത്. ഇത് തടയുന്നതിന് ആവശ്യമായ ആരോഗ്യബോധവൽക്കരണവും നേരത്തെയുള്ള രോഗനിർണ്ണയവും ചികിത്സാവിധികളും അനിവാര്യമാണ്. ഈ ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ആരോഗ്യപരമായ ഭക്ഷണരീതിയും ചിട്ടയായ വ്യായാമത്തിന്റെ ആവശ്യകതയും, പുകവലി, മദ്യപാനം എന്നീ ദുശ്ശീലങ്ങളുടെ ദൂഷ്യഫലങ്ങളും അത് ഒഴിവാക്കുവാൻ വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ പ്രവർത്തകരിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നു. യോഗാ പരിശീലനങ്ങൾ ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും നൽകിവരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനവിഭാഗങ്ങളെയും ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിലൂടെ ഹൃദ്രോഗത്തിന് കാരണമായ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സാധിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. നിലവിലുള്ള അഞ്ച് ജില്ലകളിൽ കൊറോണറി കെയർ യൂണിറ്റ് ജില്ലാ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ഹൃദ്രോഗ പരിചരണത്തിനുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly